# വ്യവസായ കേരളം

66

സ്വാതന്ത്ര്യദിനാശംസകൾ...

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 AUGUST 2024







## കേരളത്തിന്റെ വാണിജ്യ സാധ്യതകൾക്ക് ഉത്തേജനമേകാൻ പുതിയ വാണിജ്യ നയം ഒരുങ്ങുന്നു

കേരളത്തിന്റെ പുതിയ വാണിജ്യ നയം ചർച്ച ചെയ്യുന്നതിനായി ബഹുരാഷ്ട്ര കമ്പനികളുടെയും വാണിജ്യ സംഘടനകളുടെയും പ്രതിനിധികളുമായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ സാന്നിധ്യത്തിൽ യോഗം ചേർന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി കേരളത്തിന്റെ വാണിജ്യ സാധ്യതകൾക്ക് ഉത്തേജനം നൽകുകയെന്നുള്ളതാണ് പുതിയ വാണിജ്യ നയത്തിന്റെ അടിസ്ഥാന ലക്ഷ്യം.

പുതിയ നയം അന്തിമമാകുന്നതിന് മുമ്പ് ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ, വാണിജ്യ സംഘടന പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായാണ് 2024 ആഗസ്റ്റ് 5 ന് എറണാകുളം ഹോട്ടൽ ക്രൗൺ പ്ലാസയിൽ ബഹു. മന്ത്രിയുടെ സാന്നിധ്യത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് യോഗം സംഘടിപ്പിച്ചത്. ബഹുരാഷ്ട്ര കമ്പനി പ്രതിനിധികൾക്കും വാണിജ്യ സംഘടന പ്രതിനിധികൾക്കുമായി രണ്ടു സെക്ഷനുകളായാണ് യോഗം സംഘടിപ്പിച്ചത്. പുതിയ വാണിജ്യ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ യോഗ ചർച്ചകളിലൂടെ ഉരുത്തിരിയുകയുണ്ടായി.

വ്യവസായ നയം 2023 തയ്യാറാക്കുന്ന വേളയിൽ സംസ്ഥാനത്തെ വ്യവസായികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായ നയ രൂപീകരണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വ്യവസായ മേഖലയിൽ നിന്നും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ചിരുന്നു. അതേ മാതൃക തന്നെയാണ് വാണിജ്യ നയരൂപീകരണത്തിലും പിന്തുടരുന്നത്. കേരളത്തിന്റെ വ്യവസായ - വാണിജ്യ മേഖലയെ കൂടുതൽ കരുത്തോടെ മുന്നോട്ട് ചലിപ്പിക്കുന്നതിനായി ഇത്തരം നിർദ്ദേശങ്ങളും യോഗതീരുമാനങ്ങളും വഴിയൊരുക്കും.

യോഗത്തിൽ വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. അധ്യക്ഷനായിരുന്നു. ഐ & പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്. വിഷയാവതരണം നടത്തി. വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ ഡോ. കൃപകുമാർ, കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ്പ് സിഇഒ ശ്രീ. സൂരജ് എസ്. എന്നിവർ സംസാരിച്ചു.

ബഹുരാഷ്ട്ര കമ്പനികൾ, ഇൻഡസ്ട്രി അസോസിയേഷനുകൾ, കൊമേഴ്സ് അസോസിയേഷനുകൾ, കമ്മോഡിറ്റി ബോർഡുകൾ, ചേംബേഴ്സ് ഓഫ് കൊമേഴ്സ് എന്നീ സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

## വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്താൻ വ്യവസായ വകുപ്പിന്റെ 'ഡ്രീംവെസ്റ്റർ' പദ്ധതി

### ഇ.ഡി. ക്ലബ്ബുകൾക്ക് കൂടുതൽ സബ്സിഡി




വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (സ്കൂൾ, കോളേജ്, സാങ്കേതിക, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ) പ്രവർത്തിക്കുന്ന സംരംഭകത്വ വികസന ക്ലബ്ബു (ഓൺട്രപ്രനേർഷിപ് ഡെവലപ്മെന്റ് ക്ലബ്ബ് - ഇഡി. ക്ലബ്ബ്) കളിലെ കോഡിനേറ്റർമാരുടെ സംഗമം സംസ്ഥാന വ്യവസായ വകുപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു. ഇ.ഡി. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുള്ള പുതിയ ഓൺലൈൻ പോർട്ടലിനും വിദ്യാർത്ഥികളിലെ നൂതന സംരംഭ ആശയങ്ങൾ പരിപോഷിപ്പിച്ചുകൊണ്ട് സംരംഭം തുടങ്ങാൻ സഹായിക്കുന്ന 'ഡ്രീംവെസ്റ്റർ' എന്ന പദ്ധതിക്കും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് തുടക്കം കുറിച്ചു.

നിലവിൽ ഒരു ഇ.ഡി. ക്ലബ്ബിന് സാമ്പത്തിക വർഷത്തിൽ 20,000 രൂപയാണ് സഹായമായി നൽകിവരുന്നത്. ഈ സാമ്പത്തിക വർഷം മുതൽ മൂന്നു തലങ്ങളായി തിരിച്ചാണ് സഹായം നൽകുന്നത്. ഇതുകൂടാതെ ഇ.ഡി. ക്ലബ്ബുകളിലെ അംഗങ്ങളായ വിദ്യാർഥികൾക്ക് അവർ മുന്നോട്ടുവെച്ച സംരംഭക ആശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടെന്നും ബഹു. മന്ത്രി അറിയിച്ചു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്. തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.








# ഭക്ഷ്യസംസ്കരണ രംഗത്ത് കേരളത്തിൽ മികച്ച സാദ്ധ്യത

ഭക്ഷ്യസംസ്കരണ മേഖലയുടെ വളർച്ചയ്ക്ക് നവീന സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ തേടണമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ്. ചെന്നൈയിൽ ജൂലൈ 9 മുതൽ 11 ആം തീയതി വരെ ചെന്നൈയിലെ നന്ദമ്പാക്കത്തുള്ള ചെന്നൈ ട്രേഡ് സെന്ററിൽ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ) സംഘടിപ്പിച്ച 'ഫുഡ്പ്രോ 2024' അന്താരാഷ്ട്ര സമ്മേളനത്തിന്റെയും പ്രദർശനത്തിന്റെയും പതിനഞ്ചാം പതിപ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ വിശാലമായ സംരംഭക സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും സമൃദ്ധിയിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണത്തിൽ പങ്കാളികളാകാനും നിക്ഷേപകരെയും വ്യവസായ പ്രമുഖരെയും ബഹു. മന്ത്രി കേരളത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

**നിക്ഷേപകരെയും വ്യവസായ പ്രമുഖരെയും കേരളത്തിലേയ്ക്ക് സ്വാഗതം ചെയ്തു**
**ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ്**

ഭക്ഷ്യസംസ്കരണമേഖലയിൽ ബ്ലോക്ക് ചെയിൻ, ഓട്ടോമേഷൻ, തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ കേരളം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്. ഇതിലൂടെ മാലിന്യങ്ങൾ കുറയ്ക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സാധിച്ചതായി ബഹു. മന്ത്രി ചൂണ്ടിക്കാട്ടി.

'ഫുഡ്പ്രോ 2024' ൽ പാർട്ണർ സ്റ്റേറ്റ് ആയി ശക്തമായ സാന്നിധ്യം അറിയിച്ച കേരളം, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കേരള പവലിയനും ഒരുക്കിയിരുന്നു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്) നേതൃത്വത്തിൽ ഒരുക്കിയ കേരള പവലിയനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ നിന്നുമുള്ള 19 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് പങ്കെടുത്തത്. അതിൽ 5 യൂണിറ്റുകൾ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കളാണ് എന്നത് കൃത്യമായ ആസൂത്രണത്തിന്റെ നേർകാഴ്ചയായി.



## വ്യാവസായിക വളർച്ചയ്ക്കായി കേരളവും തമിഴ്നാടും കൈകോർക്കണം

**ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്**

വ്യാവസായിക വികസനത്തിനായി കേരളത്തിനും തമിഴ്നാടിനും പരസ്പര പൂരകമായ സഹകരണം പല തലങ്ങളിലും സാധ്യമാണെന്ന് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ഇതിനായി ഇരുസംസ്ഥാനങ്ങളിലേയും വിഭവങ്ങളും കഴിവുകളും ഉപയോഗപ്പെടുത്തുന്നതിലൂടെ ഒരുമിച്ച് വളരാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും (കെഎസ്ഐഡിസി) കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (സിഐഐ) സംയുക്തമായി 2024 ജൂലൈ 8 ,9 തീയതികളിൽ ചെന്നൈയിൽ സംഘടിപ്പിച്ച നിക്ഷേപകരുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ പൊതുവെ വ്യവസായ സൗഹൃദ അന്തരീക്ഷമാണുള്ളത്. കേരളത്തിലെ വ്യവസായ രംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ആവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവാണ്. അതിനുള്ള കാരണം ഇവിടുത്തെ ഉയർന്ന ജനസാന്ദ്രതയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനും വിവിധ മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള സംരംഭങ്ങൾ പുതുതായി കൊണ്ടുവരാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാങ്കേതികവിദ്യയുടെയും മനുഷ്യവിഭവശേഷിയുടെയും സമന്വയത്തിലൂടെയാണ് സംസ്ഥാനത്തിന്റെ വികസന മോഡലുകൾ നടപ്പിലാക്കുന്നതെന്ന് കേരള വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് പറഞ്ഞു. കേരളത്തിന്റെ വ്യാവസായിക നയത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് സംസാരിച്ചു.



## ബാംബൂ ലൈവിലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ & ബാംബൂ ബസാർ

**ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു**

കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, സംസ്ഥാന ബാംബൂ മിഷനുമായി സഹകരിച്ച് നാഷണൽ ബാംബൂ മിഷന്റെ സാമ്പത്തിക സഹായത്തോടെ നിർമിച്ച ബാംബൂ ലൈവിലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ & ബാംബൂ ബസാറിന്റെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. ഈറ്റ, മുള ഉത്പന്നങ്ങളുടെ നൂതന പരിശീലനം നടത്തുന്നതു വഴി യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോൺ അധ്യക്ഷനായ ചടങ്ങിൽ ഈറ്റ ശേഖരണ കേന്ദ്രത്തിന്റെ ഓഫിസ് ഉദ്ഘാടനം മുൻസിപ്പൽ ചെയർമാൻ ശ്രീ. കെ. കെ. ടോമി നിർവഹിച്ചു. പരിശീലന കേന്ദ്രത്തിന്റെ ഭാഗമായുള്ള വർക്ക് ഷോപ്പിലെ മെഷിനറികളുടെ സ്വിച്ച് ഓൺ കർമ്മം യുവജന ക്ഷേമബോർഡ് വൈസ് ചെയർമാൻ ശ്രീ. എസ്. സതീഷ് നിർവഹിച്ചു. ബാംബൂ ബസാറിന്റെ ആദ്യവിൽപന എഫ്.ഐ.ടി. ചെയർമാൻ ശ്രീ. ആർ. അനിൽ കുമാർ നിർവഹിച്ചു. ഈറ്റ, മുള മേഖലയിലെ മികച്ച തൊഴിലാളികളെയും, മികച്ച കരകൗശല വിദഗ്ദനെയും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ചെയർമാൻ ശ്രീ. ഇ.കെ. ശിവൻ ആദരിച്ചു. ബാംബൂ കോർപ്പറേഷൻ ചെയർമാൻ ശ്രീ. ടി.കെ. മോഹനൻ മാനേജിങ് ഡയറക്ടർ ശ്രീ. ബെനഡിക്ട് വില്യം ജോൺസ്, വ്യവസായ വാണിജ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ജനറൽ മാനേജർ ശ്രീ. വാൻ റോയ് എസ്., പ്രൊജക്റ്റ് ഇൻ ചാർജ് എം.ടി. മുജീബ് റഹ്മാൻ എന്നിവർ പ്രസംഗിച്ചു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.